## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5280 — 26/03/2018-ൽ മറുപടിയ്ക്ക്

## റാൽഫ്സ് മൗവ്വൽ അധ്യാപിക ശ്രീമതി ഇ.പി. രജിനി

ചോദ്യം
**ശ്രീ.കെ.കുഞ്ഞിരാമൻ**

ഉത്തരം
പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിൽ വരുന്ന റാൽഫ്സ് മൗവ്വൽ അദ്ധ്യാപിക ശ്രീമതി ഇ.പി. രജിനിയുടെ നിയമനം അംഗീകരിച്ച് ബന്ധപ്പെട്ടവർ ഉത്തരവ് നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) 25/09/2017-ലെ സി/1786/17/K.DIS നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി രജനി. ഇ.പി. യുടെ നിയമനം ബേക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചു നൽകിയിരുന്നു. |
| (ബി) നിയമനം അംഗീകരിച്ച് നൽകിപാൻ നമ്പർ അടക്കം ലഭിച്ചതിനു ശേഷം ശമ്പളം നൽകാതെ വൈകിപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) 03/12/2016 ജി.ഒ(പി) നം. 199/2016/പൊ.വി.വ പ്രകാരം (കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി) പുതുതായി സ്ഥാപിക്കപ്പെട്ട സ്കൂളുകളിലെ മുഴുവൻ ഒഴിവുകളും സംരക്ഷിത അദ്ധ്യാപകരെ കൊണ്ട് മാത്രമേ നികത്താവൂ എന്ന വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നതിനാ ലാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളം മാറി നൽകാത്തത്. |
| (സി) ഇതേ സ്കൂളിൽ പലതവണകളായി ലീവ് വേക്കൻസിയിലും മറ്റും എത്ര വർഷത്തോളം ഈ അദ്ധ്യാപിക ജോലി ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ഈ അധ്യാപിക അവധി ഒഴിവിൽ ജോലി ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 03/06/1996 മുതൽ 23/08/1996 വരെ<br>2. 09/09/1996 മുതൽ 09/11/1996 വരെ<br>3. 16/10/1997 മുതൽ 17/12/1997 വരെ<br>4. 27/06/1998 മുതൽ 02/09/1998 വരെ<br>5. 05/10/1998 മുതൽ 12/12/1998 വരെ<br>6. 01/02/1999 മുതൽ 10/04/1999 വരെ |

7. 27/07/1999 മുതൽ 08/12/1999 വരെ
8. 05/06/2000 മുതൽ 17/10/2000 വരെ
9. 02/06/2004 മുതൽ 14/10/2004 വരെ
10. 06/10/2008 മുതൽ 17/02/2009 വരെ
11. 07/10/2009 മുതൽ 07/12/2009 വരെ
12. 05/06/2012 മുതൽ 16/07/2012 വരെ
13. 21/08/2012 മുതൽ 16/02/2013 വരെ
14. 18/02/2013 മുതൽ 19/03/2013 വരെ

(ഡി) വിരമിച്ച തസ്തികയിൽ ഈ സ്കൂളിൽ ക്ലെയിമുള്ള ശ്രീമതി ഇ.പി.രജനിയെന്ന അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം നൽകിയ സാഹചര്യത്തിൽ ശമ്പളം നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുന്ന വിഷയം പരിഗണിക്കുമോ;

(ഡി) ശ്രീമതി. രജനി 51 എ ക്ലെയിം ഉള്ള അദ്ധ്യാപികയാണ്. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള ഫയൽ ജി1/2951/2018. സംരക്ഷിതാധ്യാപകരുടെ വിഷയത്തിൽ തൽസ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി നിർദ്ദേശം ഉള്ളതിനാൽ തീരുമാനം കൈക്കൊള്ളാതെ സൂക്ഷിച്ചിരിക്കുകയാണ്.

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

(ഇ) കോടതിയിൽ നിന്നും ടി വിഷയത്തിൽ അന്തിമവിധി ലഭ്യമാകുന്ന മുറയ്ക്ക് ശ്രീമതി. രജനിയുടെ നിയമനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ